'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- കോട്ടയം മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ഫ്രഡറിക് പോൾ. ആർ -ന്റെ പേരിലുള്ള KSID/LI/510416132 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 -ലും 20.5 -ലും ഇളവ് നൽകി - പോളിസിയുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3359/2025/ധന** **തിരുവനന്തപുരം, തീയതി, 03/04/2025**

പരാമർശം :- 1. ഡോ.ഫ്രഡറിക് പോൾ. ആർ സമർപ്പിച്ച 21/08/2024 തീയതിയിലെ അപേക്ഷ
2. ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടറുടെ 07/02/2025 തീയതിയിലെ കെ.എസ്.ഐ.ഡി/1071/2024 എച്ച്. ക്യൂ ജി.എസ് 1 നമ്പർ കത്ത്.
3. 16/11/1988 - ലെ സ.ഉ (പി) നം.840/88/ധന ഉത്തരവ്.

**ഉത്തരവ്**

കോട്ടയം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.ഫ്രഡറിക് പോൾ. ആർ, ടിയാന്റെ പേരിലുള്ള KSID/LI/510416132 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം തീർപ്പാക്കിയത് പുന:പരിശോധിച്ച് പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഡോ. ഫ്രഡറിക് പോൾ. ആർ 27/10/2004 -ൽ അംഗത്വം എടുത്ത 510416132 നമ്പർ എസ്.എൽ.ഐ പോളിസിയുടെ 03/2007 മുതൽ 08/2007 വരെയുള്ള (6 മാസം) പ്രീമിയം ഒന്നിച്ച് 28/11/2007 -ലും 09/2007 മുതൽ 06/2008 വരെയുള്ള പ്രീമിയം ഒന്നിച്ച് (9 മാസം) 19/06/2008 -ലും ആണ് കിഴിക്കൽ നടത്തിയിട്ടുള്ളതെന്നും ആറ് മാസത്തിലധികം പ്രീമിയം മുടങ്ങിയതിനാൽ പരാമർശം (3) -ലെ എസ്.എൽ.ഐ ചട്ടം 20.3 പ്രകാരവും പോളിസി തുടങ്ങി മുടക്കമില്ലാതെ '36 മാസം' പ്രീമിയം കിഴിക്കൽ നടത്തിയിട്ടില്ലാത്തതിനാൽ എസ്.എൽ.ഐ ചട്ടം 20.5 പ്രകാരവും ആണ് കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്നും പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എ.ജി -യിൽ നിന്നും പേസ്ലിപ്പ് അനുവദിക്കുന്നതിൽ വന്ന കാലതാമസം കാരണം ഡോ. ഫ്രഡറിക് പോൾ. ആർ -ന്റെ പേരിലുള്ള KSID/LI/510416132 നമ്പർ എസ്.എൽ.ഐ പോളിസിയുടെ 03/2007 മുതൽ 06/2008 വരെയുള്ള പ്രീമിയം അടവ് മുടങ്ങുകയും **29**-10-2007, 19-05-2008 തീയതികളിൽ എ.ജി -യിൽ നിന്നും പേസ്ലിപ്പ് ലഭ്യമായതിനെ തുടർന്ന് കുടിശ്ശിക ശമ്പളം ലഭിച്ചയുടൻ തന്നെ (28/11/2007, 19/06/2008) മുടക്കം വന്ന പ്രീമിയം ഒടുക്കു വരുത്തുകയും ചെയ്തിട്ടുണ്ട്. പിഴപ്പലിശ ഒടുക്കിയിട്ടില്ലാത്തതിനാലാണ് പോളിസി ലാപ്പായത്. കുടിശ്ശിക ശമ്പളം ലഭിച്ചയുടൻ തന്നെ മുടക്കം വന്ന കാലയളവിലെ പ്രീമിയം ഒടുക്കു വരുത്തിയിട്ടുണ്ട് എന്നതിനാലും പ്രസ്തുത കാലയളവിലൊഴികെ പ്രീമിയം ഒടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 -ലും 20.5 -ലും ഇളവ് നൽകി, മുടക്കം വരുത്തിയ തുകയുടെ 9% പലിശ കുറവ് ചെയ്തതിനു ശേഷം പോളിസിയുടെ (KSID/LI/510416132) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ഇൻഷുറൻസ് ഓഫീസർ, കോട്ടയം (ഇൻഷുറൻസ് ഡയറക്ടർ മുഖേന)
ഡോ. ഫ്രഡറിക് പോൾ. ആർ, അസോസിയേറ്റ് പ്രൊഫസർ, യൂറോളജി വിഭാഗം,
ഗവ. മെഡിക്കൽ കോളേജ്, കോട്ടയം, 686008
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ 2900260/എസ്റ്റാ-ഡി2/114/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ